**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4430** **18-03-2025 - ൽ മറുപടിയ്ക്ക്**

**സഹകരണ നിയമ പ്രകാരമുള്ള വായ്പാ പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കിയ സഹകരണ നിയമം അനുസരിച്ച് വ്യക്തിഗത വായ്പയും മറ്റും 10 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ പ്രത്യേക കമ്മിറ്റി പരിശോധിക്കണമെന്നുള്ള നിയമത്തിൽ സർക്കാർ ജീവനക്കാരുടെ സഹകരണസംഘങ്ങൾ ഉൾപ്പെടുമോയെന്ന് വിശദമാക്കാമോ; | (എ) | കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന, സർക്കാർ ജീവനക്കാരുടെ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വായ്പാ സഹകരണ സംഘങ്ങളും, വസ്തു ഈടിൻ മേൽ 10 ലക്ഷം രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന വായ്പകൾ, പ്രത്യേക കമ്മിറ്റി പരിശോധിക്കണമെന്നുള്ള വ്യവസ്ഥ പാലിക്കേണ്ടതാണ്. |
| (ബി) | പ്രധാനമായും ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗതവായ്പ നൽകുന്ന സർക്കാർ ജീവനക്കാരുടെ സഹകരണസംഘങ്ങളിൽ 10 ലക്ഷം എന്ന വായ്പ പരിധി ഉയർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | വസ്തു, കെട്ടിടം എന്നിവയുടെ ഈടിന്മേൽ 10 ലക്ഷം രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന വായ്പകൾ മാത്രമാണ് പ്രത്യേക കമ്മിറ്റി പരിശോധിക്കണമെന്ന് സഹകരണ നിയമ ഭേദഗതി പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ